G3/149/2017/PWD



# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 02.03.2017-ൽ |
| ചോദ്യം നമ്പർ - 1147 | മറുപടിയ്ക്ക് |

## കോട്ടപ്പടി വലിയ വരമ്പ് ബൈപാസ് സ്ഥലമെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം കോട്ടപ്പടി വലിയ വരമ്പ് ബൈപാസ് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) മലപ്പുറം കോട്ടപ്പടി വലിയ വരമ്പ് ബൈപാസ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 15.02.2017-ലെ സ.ഉ. (സാധാ) നം. 183/17/പൊ.മ.വ പ്രകാരം 23.96 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) സ്ഥലമുടമകൾക്ക് നഷ്ടപരിഹാര തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ; | (ബി) ഭരണാനുമതി നൽകിയ തുകയുടെ ഫണ്ട് ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ച് പ്രസ്തുത തുക റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മാത്രമേ ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (സി) ബൈപാസിനുള്ള സ്ഥലമെടുപ്പിൽ ഇനിയും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ അത് വെളിപ്പെടുത്തുമോ; | (സി) ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമായി പ്രസ്തുത തുക റവന്യൂ വകുപ്പിന് കൈമാറേണ്ടതുണ്ട്. പൂർണ്ണമായി ഭൂമി ലഭ്യമായതിനു ശേഷം മാത്രമേ പൊതുമരാമത്ത് വകുപ്പിന് ബൈപ്പാസ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ടി സ്ഥലമേറ്റെടുക്കൽ നടപടികൾ ചോദ്യം ചെയ്ത് ശ്രീ. എ.വി. ബഷീർ, ശ്രീ. രവീന്ദ്രനാഥ് എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള WP(C) നം. 5056/2016 കേസിൽ അന്തിമ വിധിയായിട്ടില്ല. |

| | |
|---|---|
| (ഡി) ബൈപാസ് റോഡ് എന്നത്തേക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) WP(C) നം. 5056/2016 കേസിൽ അന്തിമ വിധി വന്ന് റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടതും, സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതുമാണ്. തുടർന്ന് ബൈപ്പാസ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്ത് തുടർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ബൈപ്പാസ് ഗതാഗതത്തിനായി തുറന്നു കൊടുക്കുവാൻ സാധിക്കുകയുള്ളു. |

(signature)
സെക്ഷൻ ഓഫീസർ

S/F